പ്രതികരണം
●
കെ.ടി ഹാഫിസ്
(ശരീഅ കോളേജ്, അൽജാമിഅ അൽഇസ്‌ലാമിയ ശാന്തപുരം)

# മുസ്‌ലിം വ്യക്തിനിയമ പരിഷ്കരണത്തിലെ വെല്ലുവിളികൾ

**ഇന്ത്യയിലെ** മുസ്‌ലിം വ്യക്തിനിയമങ്ങൾ പരിഷ്കരിക്കണമെന്ന് ആവശ്യപ്പെടുന്ന ഡോ. ഫെബീനാ സീതിയുടെ പ്രതികരണം (ലക്കം 25) വായിച്ചു. 1985–ലെ ശരീഅത്ത് വിവാദത്തോട് മുസ്‌ലിം സമൂഹത്തിന്റെ ഒന്നിച്ചുള്ള വൈകാരിക പ്രതികരണത്തിന്റെ പശ്ചാത്തലത്തിൽ (അന്ന് അത് അനിവാര്യമായിരുന്നുതാനും) കഴിഞ്ഞ കുറേ കാലമായി ഇത്തരം പരിഷ്കരണങ്ങളെക്കുറിച്ച പരസ്യമായ ആലോചനകൾക്ക് ഇസ്‌ലാമിക സമൂഹത്തിന് സാധിച്ചിരുന്നില്ല. എന്നാൽ ഇന്ന് സവർണ പൊതുബോധത്തിൽനിന്ന് കൂടുതൽ ജനാധിപത്യപരതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന കേരളത്തിന്റെ സാംസ്കാരിക രംഗവും അത് ഉൾക്കൊള്ളാൻ ആർജവം കാണിക്കുന്ന മുസ്‌ലിം സമൂഹവും ഇത്തരം ആലോചനകൾ സാധ്യമാക്കിയിരിക്കുന്നു. മുസ്‌ലിം സമൂഹം ആർജിച്ചുകൊണ്ടിരിക്കുന്ന വിശാലതയുടെ സാധ്യതകളിലാണ് മുഴുവൻ മുസ്‌ലിം പണ്ഡിത നേതൃത്വത്തെയും ഒന്നിച്ചിരുത്തി 'ജസ്റ്റീഷ്യ' പോലൊരു അഭിഭാഷക സംഘടന മുസ്‌ലിം വ്യക്തിനിയമ പരിഷ്കരണത്തിന്റെ പ്രായോഗികതയെക്കുറിച്ച് തുറന്ന ചർച്ചകളും കനപ്പെട്ട ആലോചനകളും നടത്തിക്കൊണ്ടിരിക്കുന്നത്.

പരിഷ്കരണം വേണമെന്ന ആദ്യ മുറവിളികൾ ഇസ്‌ലാമിക വിരുദ്ധ ചേരിയിൽ നിന്നായിരുന്നു. അതിനോടുള്ള ഇസ്‌ലാമിക പക്ഷത്തിന്റെ പ്രതികരണത്തിലെ ദാർശനിക അപകത

യാണ് 'ശരീഅത്ത് വിവാദം' എന്ന സാംസ്കാരിക സംജ്ഞ സംഭാവന ചെയ്തത്. അതിന്റെ ഫലമായി മുസ്‌ലിം സമൂഹമെന്നത് ഒരടഞ്ഞ സമുദായമാണെന്നും ശരീഅത്ത് കേവലം വിവാഹം, വിവാഹമോചനം, അനന്തരാവകാശം എന്നിവയുമായി മാത്രം ബന്ധപ്പെട്ടതാണെന്നുമുള്ള ഒരു സാമാന്യ ബോധം സൃഷ്ടിക്കപ്പെട്ടു. ഇസ്‌ലാമിക ശരീഅത്തിന്റെ ജൈവികത വിസ്മരിക്കപ്പെടുകയും ചെയ്തു. യഥാർഥത്തിൽ ആ ജൈവികതയിൽ ഊന്നിനിന്നുകൊണ്ടാണ് പരിഷ്കരണത്തിന്റെ സാധ്യതകൾ ഇസ്‌ലാം തുറന്നിടുന്നത്. മുഴുവൻ മനുഷ്യ സമൂഹത്തിന്റെയും ആത്മീയതയുടെയും (ദീൻ) ജൈവികതയുടെയും (നഫ്സ്) ബൗദ്ധികതയുടെയും (അഖ്ൽ) സമ്പത്തിന്റെയും (മാൽ) ബന്ധങ്ങളുടെയും വംശത്തിന്റെയും (നസ്ൽ) അഭിമാനത്തിന്റെയും (അറ്ദ്) സംരക്ഷണമാണ് പരിഷ്കരണത്തിന്റെ കാതൽ. അതിൽ സംഭവിക്കുന്ന വീഴ്ചകൾ ഗൗരവത്തോടെയാണ് ഇസ്‌ലാം നോക്കിക്കാണുന്നത്. ഈ ജാഗ്രതയും സൂക്ഷ്മതയും വാർത്തെടുക്കുന്ന ഒരുത്തമ സമൂഹമാണ് ശരീഅത്തിന്റെ ആത്യന്തിക ലക്ഷ്യം. ഇങ്ങനെ വരുമ്പോൾ വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയവ ശരീഅത്തിന്റെ വിശദാംശങ്ങൾ മാത്രമാണ്. ആ വിശദാംശങ്ങളിലും നീതി സ്ഥാപിതമാവണമെന്നതു തന്നെയാണ് ഇസ്‌ലാമിന്റെ താൽപര്യം.

ഇവിടെ നീതി എന്താണെന്ന് നിർവചിക്കേണ്ടത് ഇസ്‌ലാംവിരുദ്ധ ചേരിയുടെ ജൽപനങ്ങൾ മുമ്പിൽ വെച്ചാവരുത്. പച്ചയായ ജീവിതാനുഭവങ്ങളാണ് അതിന് മാനദണ്ഡമാവേണ്ടത്. അനുഭവത്തിന്റെ ചൂരുള്ള നിരന്തരമായ ഇജ്തിഹാദ് സംഭവിക്കുമ്പോഴാണ് സുശക്തമായ സാമൂഹിക വ്യവസ്ഥ കെട്ടിപ്പടുക്കാനാവുക, പ്രയാസ ദൂരീകരണത്തിലൂടെയും (റഫ്ഉൽ ഹറജ്) പ്രശ്ന നിവാരണത്തിലൂടെയും ശരീഅത്തിന്റെ ലക്ഷ്യത്തിലേക്ക് നടന്നടുക്കാൻ സാധിക്കുക.

ഈ താത്ത്വിക പിൻബലത്തിൽനിന്ന് വേണം ഇന്ത്യയിലെ മുസ്‌ലിം വ്യക്തിനിയമം എങ്ങനെ പരിഷ്കരിക്കാം എന്ന ആലോചന. ബ്രിട്ടീഷ് ഭരണകാലത്ത് 1937 –ൽ നിലവിൽവന്ന 'മുസ്‌ലിം പേഴ്സണൽ ലോ (ശരീഅത്ത്) ആക്ട്' അനുസരിച്ചാണ് ഇന്ത്യയിൽ മുസ്‌ലിം വ്യക്തിനിയമം നടപ്പാക്കുന്നത്. വിധി നടപ്പാക്കാൻ കോടതികൾ അവലംബിക്കുന്നത് ജസ്റ്റിസ് മുല്ലയുടെ *പ്രിൻസിപ്പൽസ് ഓഫ് മുഹമ്മദൻ ലോ*, അമീറലി എഴുതിയ *കമന്ററീസ് ഓൺ മുഹമ്മദൻ ലോ* എന്നീ പുസ്തകങ്ങളാണ് (ജസ്റ്റിസ് മുല്ലയുടെ ഗ്രന്ഥത്തിന്റെ അവലംബം മുഗൾ കാലഘട്ടത്തിൽ പണ്ഡിതന്മാർ ക്രോഡീകരിച്ച *ഫതാവാ ആലംഗീരി* എന്ന ഗ്രന്ഥമാണ്). കഴിഞ്ഞ കാലങ്ങളിൽ തദ്സംബന്ധമായി വന്ന കോടതി വിധികളും അവലംബിക്കാറുണ്ട്. ഇങ്ങനെ രൂപപ്പെടുത്തുന്ന വിധികളും ന്യായാധിപന്മാരുടെ വ്യാഖ്യാനങ്ങളും പലപ്പോഴും ഇസ്‌ലാമിന്റെ അന്തസ്സത്തക്ക് നിരക്കാത്തതാകാറുണ്ടെന്നത് അനുഭവ സാക്ഷ്യമാണ്. അതു തന്നെയാണല്ലോ വിവാദങ്ങൾക്ക് വഴിവെക്കുന്നതും. അതിനാൽ ഈ നിയമസംഹിതകളിൽ കാലോചിതമായ പരിഷ്കാരങ്ങൾ അനിവാര്യമാണ് എന്നതിൽ തർക്കത്തിനിടയില്ല.

ഇന്ത്യയിലെ മുസ്‌ലിംകളുടെ സവിശേഷ സാഹചര്യം പരിഷ്കരണ യത്നങ്ങൾക്ക് മുമ്പിൽ നിരവധി തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇന്ത്യൻ മുസ്‌ലിംകളിൽ സുന്നികളും ശീഈകളുമുണ്ട്, നാല് മദ്ഹബുകളുടെ അനുയായികളുണ്ട്, മദ്ഹബുകളെ നിരാകരിക്കുന്നവരുണ്ട്. തങ്ങൾ പിൻപറ്റുന്നതാണ് ശരി എന്ന് ഉറച്ച് വിശ്വസിക്കുന്നവരാണ് അവരെല്ലാം തന്നെ. അതിന് പ്രമാണങ്ങളുടെ പിൻബലവും അവർക്കുണ്ട്. മൂന്ന് ത്വലാഖ് ഒന്നേ ആവുകയുള്ളൂ എന്നു സമർഥിക്കുന്നവർക്കെതിരെ തെളിവുകൾ ഹാജരാക്കാൻ ശാഫിഈ മദ്ഹബുകാർക്ക് പ്രയാസമില്ല. സാഹചര്യം മാറു

**പ്രധാനപ്പെട്ട വ്യത്യസ്ത അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ച്, കക്ഷികൾക്ക് അവരുടെ ഇഷ്ടാനുസരണം നിയമങ്ങൾ സ്വീകരിക്കാൻ കഴിയുംവിധത്തിലുള്ള ഒരു പരിഷ്കരണമാണ് ആവശ്യം. അപ്പോൾ മുത്വലാഖിനെ ഒന്നായും മൂന്നായും ഒരേസമയം അംഗീകരിക്കേണ്ടിവരും. ഒന്നായി മാത്രമേ അംഗീകരിക്കുകയുള്ളൂ എന്ന വാശി പരിഷ്കരണവാദികൾക്കും, മൂന്നല്ലാത്തതൊന്നും അംഗീകരിക്കില്ല എന്ന വാശി ഇതര വിഭാഗങ്ങൾക്കും ഉണ്ടാകാൻ പാടില്ല.**

മ്പോൾ മറ്റൊരു തീരുമാനത്തിലെത്തുക എന്നത് പഴയ കിതാബുകളിലെ അക്ഷരങ്ങളിൽ പിടിച്ചുതൂങ്ങുന്നവർക്ക് സമ്മതവുമല്ല. ഈ ദുഷ്കരമായ സാഹചര്യത്തിൽ ഒറ്റ അഭിപ്രായം തെരഞ്ഞെടുത്ത് വ്യക്തിനിയമങ്ങൾ പരിഷ്കരിക്കുക സാധ്യമല്ല. പ്രധാനപ്പെട്ട വ്യത്യസ്ത അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ച്, കക്ഷികൾക്ക് അവരുടെ ഇഷ്ടാനുസരണം നിയമങ്ങൾ സ്വീകരിക്കാൻ കഴിയുംവിധത്തിലുള്ള ഒരു പരിഷ്കരണമാണ് ആവശ്യം. അപ്പോൾ മുത്വലാഖിനെ ഒന്നായും മൂന്നായും ഒരേസമയം അംഗീകരിക്കേണ്ടിവരും. ഒന്നായി മാത്രമേ അംഗീകരിക്കുകയുള്ളൂ എന്ന വാശി പരിഷ്കരണവാദികൾക്കും, മൂന്നല്ലാത്തതൊന്നും അംഗീകരിക്കില്ല എന്ന വാശി ഇതര വിഭാഗങ്ങൾക്കും ഉണ്ടാകാൻ പാടില്ല.

പരിഷ്കരണ നിർദേശങ്ങൾ ക്രോഡീകരിക്കാൻ സാധിച്ചാൽ തന്നെ, അവ ആര് നടപ്പാക്കുമെന്നതും പ്രശ്നമാണ്. ഇസ്‌ലാമിക മൂലപ്രമാണങ്ങളെ കുറിച്ച് കാര്യമായി പഠിച്ചിട്ടില്ലാത്ത ന്യായാധിപന്മാർ അതിന് തുനിഞ്ഞാൽ അപാകതകൾ വരാൻ സാധ്യതയേറെയാണ്. എന്നിരുന്നാലും ശരീഅത്ത് സംബന്ധമായ ഒട്ടുമിക്ക വിഷയങ്ങളിലും ന്യായാധിപന്മാർക്ക് കൃത്യമായ വിധികൾ പ്രസ്താവിക്കാൻ കഴിയുംവിധം ഒരു മാന്വൽ കോടതികൾക്ക് വേണ്ടി ക്രോഡീകരിക്കാൻ പരിഷ്കരണ യത്നങ്ങൾക്ക് സാധിച്ചാൽ അത് ശ്രദ്ധേയമായ നേട്ടം തന്നെയായിരിക്കും. കോടതികൾ വഴി പ്രശ്നപരിഹാരം ദുഷ്കരമായ കേസുകളിൽ മറ്റു സംവിധാനങ്ങളുടെ സാധ്യതയും ആരായേണ്ടതുണ്ട്. മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് അതിന് പറ്റിയ ഒരു വേദിയാണ്. ഹനഫി മദ്ഹബിന് മൃഗീയ ഭൂരിപക്ഷമുള്ള ഒന്നാണ് അത് എന്നതു പോലുള്ള പരിമിതികൾ അതിനുണ്ടെങ്കിലും അത്തരം പോരായ്മകൾ മറികടക്കാനാവും. ഓരോ ജില്ല കേന്ദ്രീകരിച്ചും പരിചയ സമ്പന്നരായ ജഡ്ജിമാരെയും അഭിഭാഷകരെയും ഇസ്‌ലാമിക പണ്ഡിതന്മാരെയും ഉൾപ്പെടുത്തി ട്രൈബ്യൂണലുകൾ രൂപീകരിക്കാവുന്നതുമാണ്. അവക്കും പേഴ്സണൽ ലോ ബോർഡിനും ഗവൺമെന്റ് 'സ്റ്റാറ്റ്യൂട്ടറി' പദവി നൽകിയാൽ വലിയൊരളവിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ■

kthafis@gmail.com